# കേരള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി) റുടെ നടപടിക്രമം

വിഷയം - ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ.മണികണ്ഠൻ.വി.എസ് നെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ അപേക്ഷ - സംബന്ധിച്ച്.

സൂചന -
(1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.27/04/2013.
(2) കത്ത് നം.എ4-14433/2016/ഡി.എം.ഒ(എച്ച്) വയനാട്/തീയതി.27/10/2016.
(3) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.23/12/2010.
(4) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.24/02/2012.
(5) നോട്ടീസ് നം.ഇ.എസ്1-85721/2016/ആ.വ.ഡ/ തീയതി.19/01/2017.

*ഉത്തരവ് നം.ഇ.എസ് 1-85721/2016/ആ.വ.ഡ/തീയതി.27/02/2017.*

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മീനങ്ങാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.വി.എസ്.മണികണ്ഠൻ സൂചന ഒന്ന് (1) പ്രകാരമുള്ള 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപ്പീൽ അപേക്ഷ സൂചന രണ്ട് (2) പ്രകാരം വയനാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിച്ചിരിക്കുന്നു.

സൂചന മൂന്ന് (3) പ്രകാരമുള്ള കരട് സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ പേര് 855 - ാം നമ്പരായും സൂചന നാല് (4) പ്രകാരമുള്ള കരട് സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ 947 - ാം നമ്പരായും ചേർത്തിട്ടുണ്ട്.

ശ്രീ.വി.എസ്.മണികണ്ഠൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി 09/10/2003 - ൽ ഡബ്ല്യു 1 (1) 2121/90 തീയതി.12/05/2003 ഉത്തരവ് പ്രകാരം വയനാട് ജില്ലയിൽ പ്രവേശിക്കുകയും 13/01/2009 മുതൽ 12/02/2009 - ൽ നടത്തിയ എം.പി.ഡബ്ല്യു ഇൻസർവ്വീസ് ട്രെനിംഗ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതുമാകുന്നു.

ഈ സാഹചര്യത്തിൽ സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം.958 ആയ ലിബിൻ ജോസഫ് ന്റെയും റാങ്ക് നം.959 ആയ അജിത രാജിന്റെയും മദ്ധ്യേ 958 എ ആയി താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് സൂചന അഞ്ച് (5) പ്രകാരം പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ടി നോട്ടീസ് തീയതി മുതൽ 30

ദിവസത്തിനകം ഉചിതമാർഗ്ഗേന സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

| പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന ശുപാർശ തീയതിയും വർഷവും | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലുള്ള റാങ്ക് നം. | താല്ക്കാലികമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|---|
| വി.എസ്.മണികണ്ടൻ | 10/05/1969 | എസ്.എസ്.എൽ.സി, എസ്.ഐ.സി | WI(1) 2121/99 dt. 12/05/2003 | 09/10/2003 | ഇല്ല | 958 ആയ ലിബിൻ ജോസഫ് ന്റെയും 959 ആയ അജിത രാജിന്റേയും മദ്ധ്യേ 958 എ |

ഇതു സംബന്ധിച്ച് അപ്പീലുകളൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 09/01/2017 തീയതിയിലെ നോട്ടീസ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സീനിയോറിട്ടി പട്ടികയിൽ ശ്രീ.വി.എസ്.മണികണ്ടനു നിർദ്ദേശിച്ചിട്ടുള്ള റാങ്ക് നം.958 എ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ഈ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഒപ്പ്)
ഡോ.എ.സമീറ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്
ശ്രീ.വി.എസ്.മണികണ്ടൻ
ജെ.എച്ച്.ഐ ഗ്രേഡ് 2
സി.എച്ച്.സി, മീനങ്ങാടി, വയനാട്.

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്
3) ഇ.ജി സെക്ഷൻ
4) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.

2/3/17